**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **27-01-2026 - ൽ മറുപടിയ്ക്ക്**

**വർക്കല നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നിയോജകമണ്ഡലത്തിൽ 2016-21, 2021-2026 കാലയളവുകളിൽ വിവിധ ആശുപത്രികളുടെ നവീകരണത്തിനായി എം.എൽ.എ. ഫണ്ട് ഉൾപ്പെടെ എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | വർക്കല മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ? | (ബി) | അനുബന്ധം 2 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**വർക്കല നിയോജകമണ്ഡലത്തിൽ 2016-21, 2021-2026 കാലയളവുകളിൽ വിവിധ ആശുപത്രികളുടെ നവീകരണത്തിനായി എം.എൽ.എ. ഫണ്ട് ഉൾപ്പെടെ അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ**

**കുടുംബാരോഗ്യ കേന്ദ്രം മടവൂർ**

വർക്കല നിയോജക മണ്ഡലത്തിലെ മടവൂർ ആശുപത്രിയെ ആർദ്രം പ്രോജക്ട് വഴി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും, ലാബ് അനുവദിക്കുകയും ചെയ്തു. മടവൂർ ഗ്രാമപഞ്ചായത്ത് പ്രോജക്ട് വഴി ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് 8,70,000/- രൂപ അനുവദിച്ചു. മടവൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ ഒ.പി കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു കോടി നാൽപത്തിമൂന്ന് ലക്ഷം രൂപ എൻഎച്ച്എം ഫണ്ട്അനുവദിച്ചു. (Order No.NHM/8632/CENW1/2022/DPMSU, Dated: 27.12.2022)

മടവൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പുലിയൂർക്കോണം മടവൂർ മെയിൻ സെന്റർ എന്നീ സബ് സെന്ററുകൾക്കായി ഹെൽത്ത് ഗ്രാൻറ് പ്രൊജക്റ്റ് വഴി 55 ലക്ഷം രൂപ വീതം അനുവദിച്ചു.

**കുടുംബാരോഗ്യ കേന്ദ്രം തോണിപ്പാറ**

തോണിപ്പാറ കുടംബാരോഗ്യ കേന്ദ്രത്തിൽ ഒ.പി ബ്ലോക്ക് നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷം എം.എൽ.എ ആസ്തി വികസന ഫണ്ടായി 60 ലക്ഷം രൂപ അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം പൂർത്തീകരിക്കുകയും 06.01.2025 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സാമൂഹികാരോഗ്യ കേന്ദ്രം പള്ളിക്കൽ**

സാമൂഹികാരോഗ്യ കേന്ദ്രം പള്ളിക്കലിൽ 20 കിടക്കകളോട് കൂടിയ 5 നില കെട്ടിടത്തിനായി തുക അനുവദിച്ചു. തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 Phase I - Foundation- MLA Fund 1 Crore

2. Phase II - Ground floor & First Floor DHS Fund 2.92 crore

3. Phase-III- 2nd Floor, 3 rd Floor, 4th Floor- NABARD Fund - 6 Crore

4. Phase IV- DHS Fund 2.36 crore

**പ്രാഥമികാരോഗ്യ കേന്ദ്രം വെട്ടൂർ**

വെട്ടൂർ പി.എച്ച്.സിയ്ക്ക് പുതിയ ഒ.പി കെട്ടിടം പണിയുന്നതിന് ഉത്തരവ് No.GO (Rt) NO.2804/2019/H&FWD, TVM, 22/11/2019 (State Plan Fund) പ്രകാരം 225 ലക്ഷം രൂപയുടെ അനുമതി നൽകി. പ്രസ്തുത പദ്ധതി Phase I, II, III എന്നിങ്ങനെ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചു. ഒന്നാം ഘട്ട എസ്റ്റിമേറ്റിൽ ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം, പകുതി ഉയരത്തിൽ റീറ്റെയ്നിംഗ് വോവർക്കല മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടിൾ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി. എല്ലാ ഫ്ലോറിന്റെയും ഫൗണ്ടേഷൻ പ്രവർത്തികൾ പൂർത്തികരിക്കുകയും ബേസ്മെന്റ് ഫ്ലോർ തൂണുകൾ ഉയർത്തുകയും, ബേസ്മെന്റ്, റൂഫ് സ്ളാബ് ഷട്ടറിങ് വർക്കുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

08/10/2024 ലെ GO (Rt) .2393/2024/H&FWD, നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 200 ലക്ഷം രൂപ അനുവദിച്ചു. രണ്ടാം ഘട്ടം 50 %ശതമാനം ജോലി പൂർത്തീകരിച്ചു.

**കുടുംബാരോഗ്യ കേന്ദ്രം നാവായികുളം**

നാവായികുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ ആസ്തി വികസന പദ്ധതി 2022-23 ൽ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**താലൂക്കാശുപത്രി, വർക്കല -** 2016-21 ൽ പുതിയ ബിൽഡിംഗ്- 7,05,00,000/- (പ്ലാൻ ഫണ്ട്)

2021-26 മോർച്ചറി നവീകരണം -30 ലക്ഷം (എം.എൽ.എ ഫണ്ട്)

Anjulal

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

## വർക്കല മണ്ഡലത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകിയ ആശുപത്രികൾ

### കുടുംബാരോഗ്യ കേന്ദ്രം മടവൂർ

കുടുംബാരോഗ്യ കേന്ദ്രം മടവൂരിൽ 1കോടി 43 ലക്ഷം രൂപ അനുവദിച്ച് (എൻ എച്ച്എം ഫണ്ട്) നിർമ്മിച്ച പുതിയ ഒ പി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തനങ്ങൾ പൂർത്തീകരിക്കുകയും 05.11.2025 തീയതി ഉദ്ഘാടനം നടത്തുകയും ചെയ്തു. നിലവിൽ പുതിയ ഒ പി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

മടവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുലിയൂർകോണം മടവൂർ മെയിൻ സെൻ്റർ എന്നീ സബ് സെന്ററുകൾക്കായി ഹെൽത്ത് ഗ്രാൻ്റ് പ്രോജക്ട് വഴി 55 ലക്ഷം രൂപ വീതം അനുവദിച്ചു. മെയിൻ സെന്റർ സബ് സെൻ്ററിൻ്റെ നിർമ്മാണം 70% ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പുലിയൂർകോണം സബ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### സാമൂഹികാരോഗ്യ കേന്ദ്രം പള്ളിക്കൽ

സാമൂഹികാരോഗ്യ കേന്ദ്രം പള്ളിക്കൽ 20 കിടക്കകളോട്ടുകൂടി 5 നില കെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ 80% പണി പൂർത്തിയായിട്ടുണ്ട്. ഇനി പണി പൂർത്തിയാക്കാനുള്ള Fire Fighting, Electric Connection നുമായി ഡിഎച്ച്എസ് ഫണ്ടായി 2.36 കോടി അനുവദിച്ചു.

### കുടുംബാരോഗ്യ കേന്ദ്രം നാവായികുളം

നാവായികുളം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പുതിയ കെട്ടിടത്തിൻ്റെ അടിസ്ഥാനം (ഫൗണ്ടേഷൻ) നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

### താലൂക്ക് ആശുപത്രി, വർക്കല

46 കോടിയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**